ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാംനില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം – 03

ഫോൺ: 0471-2324951
0471-2325071
ടെലി ഫാക്സ് – 0471-2324951
ഇമെയിൽ –celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

**നം: ഡിബി1/1105/15/സിഇ/എൽ.ഐ.ഡി& ഇ.ഡബ്ല്യു** **തീയതി: 24.08.2022**

# സർക്കുലർ

വിഷയം : തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യു)– ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ– സംബന്ധിച്ച്

സൂചന :
1) സ.ഉ (കൈ) നം. 135/97/സഹ, തീയതി. 13.11.1997.
2) സ.ഉ (സാധാ) നം. 2780/2017/തസ്വഭവ, തീയതി. 11.08.2017
3) സ.ഉ (കൈ) നം. 1/2018/സഹ, തീയതി. 9.01.2018.
4) സ.ഉ (കൈ) നം. 4/2021/സഹ, തീയതി. 09.02.2021.
5) സ.ഉ (കൈ) നം. 21/2022/പി.ഡബ്ല്യു.ഡി, തീയതി. 29.07.2022.
6) ഈ കാര്യാലയത്തിൽ നിന്നുള്ള 23.05.2022 ലെ ഇതേ നമ്പർ സർക്കുലർ.

സൂചന (5) ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്നതിന് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കോൺട്രാക്ടേഴ്സ് ലൈസൻസ് ആവശ്യമാണ്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വകുപ്പുകൾ ( PWD/Irrigation/LSGD/HED) CPWD തുടങ്ങിയ വകുപ്പുകൾ അനുവദിക്കുന്ന കോൺട്രാക്ടേഴ്സ് ലൈസൻസ് മാത്രമേ ആയതിലേയ്ക്ക് പരിഗണിക്കേണ്ടതായിട്ടുള്ളൂ. മറ്റ് ഏജൻസികൾ അനുവദിക്കുന്ന ലൈസൻസ് സ്വീകാര്യമല്ല. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ നൽകുന്ന സാക്ഷ്യപത്രം ഓരോ ടെണ്ടറിന്റെ കൂടെയും ഹാജരാക്കി പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് സൂചന (1) മുതൽ (4) വരെയുള്ള ഉത്തരവുകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. സൂചന (6) പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള സർക്കുലർ ഇതിനാൽ അസാധുവാകുന്നു.

**ചീഫ് എഞ്ചിനീയർ**

LA